# വെളിപ്പാട്പുസ്തകം ഒരു പഠനം - ഭാഗം 2

"പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ ഉളവായതല്ല. ദൈവകൽപനയാൽ മനുഷ്യർ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രെ (2പത്രോ. 1:20,21)".



Pr. M.V. Simon B.Th, M.Div, M.A 'M.Th'

## അധ്യായം 2
## സഭ എന്നാൽ എന്ത്?

1. മർമ്മം(എഫെ.3:3,5; കൊലോ.1:25...27)

യേശു പത്രോസിനോട് പറഞ്ഞു 'ഞാൻ എന്റെ സഭയെ പണിയും' (മത്താ.16:18) എന്നാൽ എന്ന് അത് പണിയും എന്ന് യേശു വെളിപ്പെടുത്തിയില്ല. പഴയനിയമ വിശുദ്ധൻമാർക്ക് മറഞ്ഞിരിന്ന പുതിയനിയമ സഭ കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം വിശുദ്ധൻമാർക്ക് വെളിപ്പെടുത്തി.

2. വിളിച്ചു വേർതിരിക്കപ്പെട്ടവരുടെ കൂട്ടം (1പത്രോ.2:9)

ദൈവം തന്റെ ജനത്തെ വേർതിരിച്ചതിന്റെ പിന്നിൽ പ്രധാനമായും ചില ഉദ്ദേശങ്ങളുണ്ട്

(i) വിശുദ്ധരായി നിഷ്കളങ്കരായി ദൈവത്തെ സേവിക്കുക (എഫെ.1:4,5).
(ii) സുവിശേഷീകരണം (അപ്പോ.1:8).

3. യേശുവിന്റെ ശരീരം(റോമ.12:5;എഫെ.1:23)

ആദാമിന് എപ്രകാരം ഹവ്വയെ കിട്ടിയോ ഏതാണ്ട് അതുപോലെ ദൈവം തന്റെ പുത്രനായ ക്രിസ്തുവിന് സഭയെ ഒരുക്കിക്കൊടുത്തു. യഹോവയായ ദൈവം ആദാമിന് ഒരു ഗാഢ നിദ്ര വരുത്തി അവന്റെ വാരിയെല്ലുകളിൽ ഒന്നെടുത്ത് മാംസം പിടിപ്പിച്ചു ഹവ്വയെ ഉണ്ടാക്കി. ഉറക്കം ഉണർന്നപ്പോൾ ആദാം പറഞ്ഞത് ഇപ്രകാരമാണ് "ഇതെന്റെ അസ്ഥിയൽ നിന്ന് അസ്ഥിയും മാംസത്തിൽ നിന്ന് മാംസവും ആകുന്നു" (ഉത്പ.2:22,23). കർത്താവായ യേശുവിന്റെ ക്രൂശു മരണത്തിനു ശേഷം അടക്കം (ഗാഢ നിദ്ര) കഴിഞ്ഞ് മൂന്നാം ദിനം യേശു ഉയിർത്തു ആത്മാവിൽ തന്റെ ശരീരമാം സഭയെ കണ്ടു. പൗലോസ് പറയുന്നത് വായിക്കുക ( നാം അവന്റെ ശരീരത്തിന്റെ അവയവങ്ങളല്ലോ. "അവന്റെഅസ്ഥിയൽ നിന്ന് അസ്ഥിയും മാംസത്തിൽ നിന്ന് മാംസവും ആകുന്നു" (എഫെ.5:30. ഇംഗ്ളീഷ് കിംഗ് ജയിംസ് വേർഷൻ നോക്കുക).

4. മണവാട്ടി (2കൊരി.11:2; വെളി.21:2,22:17)

ഈ വിഷയം മനഃസ്സിലാക്കാൻ പഴയനിയമത്തിൽ യിസഹാക്കിന്റെ വിവാഹ പശ്ചാത്തലം നോക്കിയാൽ മതി. യിസഹാക്കിന് വിവാഹ പ്രായമായപ്പോൾ അബ്രഹാം തന്റെ കാര്യസ്ഥൻ ഏലയാസറിനെ വിളിച്ച് യിസഹാക്കിന്റെ വിവാഹ ചുമതല ഏൽപ്പിക്കുന്നു (ഉത്പ.24). കനാന്യരിൽ നിന്ന് ഭാര്യയെ എടുക്കാതെ അബ്രഹാമിന്റെ സ്വജാതികളിൽ നിന്ന് യിസഹാക്കിന് ഭാര്യയെ എടുക്കാൻ അബ്രഹാം തന്റെ ദാസന് നിർദ്ദേശം കൊടുത്തു. അപ്രകാരം ഏലയാസർ മെസൊപൊത്താമ്യായിൽ ചെന്നു. ബെഥുവേലിന്റെ മകൾ റിബെക്കയെ കണ്ടെത്തി. യിസഹാക്കിന്റെ ശ്രേഷ്ഠത മനസിലാക്കിയ റിബെക്കാ പത്തുദിവസം പോലും വീട്ടുകാരോടുകൂടെ താമസിക്കുവാൻ താത്പര്യപ്പെടാതെ അബ്രഹാമിന്റെ കാര്യസ്ഥനായ ഏലയാസറിനോടു കൂടെ പുറപ്പെട്ടു. വൈകുന്നേരത്തു യിസഹാക്ക് ധ്യാനിപ്പാൻ വെളിമ്പ്രദേശത്തു പോയിരുന്നു. അവൻ തലപൊക്കി നോക്കി ഒട്ടകങ്ങൾ വരുന്നതു കണ്ടു. റിബെക്കയും തലപൊക്കി യിസഹാക്കിനെ കണ്ടിട്ടു ഒട്ടകപ്പുറത്തു നിന്നു ഇറങ്ങി. അവൾ ദാസനോടു വെളിമ്പ്രദേശത്തു നമ്മെ എതിരെറ്റു വരുന്ന പുരുഷൻ ആരെ

ന്നുചോദിച്ചതിന്നു എന്റെ യജമാനൻ തന്നെ എന്നു ദാസൻ പറഞ്ഞു. അപ്പോൾ അവൾ ഒരു മൂടു പടം എടുത്തു തന്നെ മൂടി.താൻ ചെയ്തകാര്യം ഒക്കെയും ദാസൻ യസഹാക്കിനോട് വിവരിച്ചുപറഞ്ഞു. യിസഹാക്ക് അവളെ തന്റെ...കൂടാരത്തിൽ കൊണ്ടുപോയി (ഉത്പ.24:63...67).അബ്രഹാം പിതാവായ ദൈവത്തിനു നിഴലാണ്. എലയാസർ പരിശുദ്ധാത്മാവിനും, റിബെക്കാ സഭക്കും, യിസഹാക്ക് ക്രിസ്തുവിനുംനിഴലായിരിക്കുന്നു.

അബ്രഹാം തന്റെ കാര്യസ്ഥൻ ഏലയാസറിനെ അയച്ചതു പോലെ ദൈവം സഭയെ ഒരുക്കുവാൻ നല്ല എലയാസറാകുന്ന പരിശുദ്ധാത്മാവിനെ അയച്ചു കഴിഞ്ഞു. ഇന്ന് പരിശുദ്ധാത്മാവ് ക്രിസ്തുവിനുവേണ്ടി സഭയെ ഒരുക്കിക്കൊണ്ടിരിക്കുന്നു. ഒരിക്കൽ യിസഹാക്ക് ധ്യാനിപ്പാൻ വെളിമ്പ്രദേശത്തു വന്നതുപോലെ മണവാളനായ ക്രിസ്തു മധ്യാകാശത്തു വരും.യിസഹാക്ക് റിബക്കയെ കൂട്ടി കൂടാരത്തിൽ കൊണ്ടുപോയതുപോലെ കർത്താവ് സഭയെ മധ്യാകശത്തുനിന്നും സ്വർഗ്ഗത്തിലെത്തിക്കും (1 തെസ്സ.4:16,17).

## സഭകൾക്കുള്ള ദൂത്

### 1. എഫെസോസ് (വെളി.2:1...7)

റോമൻ സാമ്രാജ്യത്തിലെ നിരവധി സ്വതന്ത്ര നഗരങ്ങളിൽ ഒന്നായിരിന്നു എഫെസോസ് പട്ടണം. ഈ പട്ടണം അർത്തമീസ് മഹാ ദേവിയുടെ പ്രധാന ആരാധന കേന്ദ്രം കൂടി ആയിരിന്നു.അർത്തമീസ് ദേവിയുടെ ക്ഷേത്രം പുരാതന അതിശയങ്ങളിലൊന്നായിരിന്നു. ഈ പട്ടണം തുറമുഖ പട്ടണവും വ്യവസായ കേന്ദ്രവുമായിരിന്നു. ഏഷ്യയുടെ വിളക്ക് ഏഷ്യയുടെ ഖജനാവ് എന്നിങ്ങനെ എഫെസോസ് പട്ടണം അറിയപ്പെട്ടിരിന്നുവെങ്കിലും മന്ത്രവാദികളുടെ വിഹാര കേന്ദ്രം കൂടിയായിരിന്നു ഈ പട്ടണം.

#### ആത്മീക പശ്ചാത്തലം

അപ്പോസ്തലനായ പൗലോസിന്റെ രണ്ടാം മിഷനറി യാത്രയിൽ ആരംഭിച്ച സഭ (അപ്പോ.19) . അപ്പോസ്തോലിക സഭ, എഡി 70 മുതൽ 170 വരെ അപ്പോസ്തോലിക അനുഭവങ്ങൾ സഭയിൽ നിലനിന്നിരുന്നു. അതായത് സഭയുടെ ആത്മീക അനുഭവം ഏറ്റവും തിളങ്ങി നിന്ന കാലഘട്ടം .

ആദ്യ നൂറ്റാണ്ടിലെ അനുഭവങ്ങൾ ശ്രദ്ധിക്കുക:

- എല്ലാം പൊതുവക (അപ്പോ.2:44)
- ഒരുമനപ്പെട്ട് കൂടി വന്ന സമയം (അപ്പോ.2:46)
- രോഗികൾക്ക് വിടുതലും ഭൂതബാധിതർക്ക് മോചനം (അപ്പോ.5:16)
- ശുശ്രൂഷകൾ ഹേതുവായി ഭൂലോകത്തെ കീഴ്മേൽ മറിച്ച കാലം(അപ്പോ.17:6)
- പരിശുദ്ധാത്മാവിനോട് വ്യാജം കാണിച്ച അനന്യാസിനും സഫീറക്കും ഒരു മിനിറ്റു പോലും സഭയിൽ തുടരുവാൻ സാധിച്ചില്ല(അപ്പോ.5:1...6,10)
- കൊള്ളരുതാത്തവരെ അല്പം പോലും സഹിച്ചിരുന്നില്ല(വെളി.2:2)

എഫെസോസ് എന്ന വാക്കിന്റെ അർത്ഥം 'അയഞ്ഞത്'എന്നതാണ്. ആദ്യ നൂറ്റാണ്ടിൽ പത്രോസിനെ തടവിലാക്കിയപ്പോൾ സഭ ഉറക്കിളച്ച് പ്രാർത്ഥിച്ചു വിടുതലും കിട്ടി. എന്നാൽ ആ സ്നേഹം കുറയുവാൻ തുടങ്ങി. എഫേസ്യർ 1:15 ഉം വെളിപ്പാട് 2:5 ഉം ചേർത്ത് നോക്കുക. എഫെസോസ് സഭയുടെ നല്ല വശങ്ങൾ ശ്രദ്ധിക്കുക (2:2,3). പ്രവർത്തി, പ്രയത്നം, സഹിഷ്ണത,കൊള്ളരുതാത്തവരെ അല്പം പോലും സഹിക്കാഞ്ഞത്, കള്ളയപ്പോസ്തലൻമാരെ തിരിച്ചറിഞ്ഞത് (വിവേ

ചന വരം), തളർന്നു പോകാഞ്ഞത്, നിക്കൊലാവ്യരുടെ നടപ്പ് പകച്ചു. നിക്കൊ എന്നാൽ 'അധീന പ്പെടുത്തുക' എന്നാണർത്ഥം ലാവോസ് എന്നാൽ 'ജനങ്ങൾ' എന്നാണർത്ഥം. ദൈവ സഭയെ അധീനപ്പെടുത്തുന്ന സമുദായ സംഘടനകളെ അകറ്റി നിർത്തണം. ദൈവം വെറുക്കുന്നതിനെ നാമും വെറുക്കണം (വെളി.2:6,7). നല്ല കാര്യങ്ങളുടെ കൂട്ടത്തിൽ ഒരു കുറവ് അത് വലിയ കുറവായിട്ടു തന്നെ പരിശുദ്ധാത്മാവ് കാണുന്നു(2:4,5). എഫെസോസ് സഭക്ക് രണ്ടു കുറ്റം ഇല്ല ഒന്നേയുള്ളു എങ്കിലും അതിനു പരിഹാരം വരുത്തണം.

<u>നിലവിളക്ക്(2:5)</u>

നിലവിളക്കിന്റെ ആവശ്യം വെളിച്ചം കൊടുക്കാനാണ്. യേശു പറഞ്ഞു 'നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു' (മത്താ.5:14). പ്രകാശം കൊടുക്കാത്ത വിളക്ക് കർത്താവ് എടുത്തുമാറ്റും എന്ന മുന്നറിയിപ്പ് നൽകുന്നു.

ആത്മാവ് സഭകളോട് പറയുന്നത് ചെവിയുള്ളവൻ കേൾക്കട്ടെ (2:7).

മനുഷ്യന്റെ വാക്കുകളെ വിശ്വസിക്കുകയും ആത്മാവിന്റെ വാക്കുകളെ വിശ്വസിക്കാതിരിക്കുകയും ചെയ്യുന്ന സ്വഭാവം മനുഷ്യനുണ്ട്, ആയതിനാൽ ചെവി എല്ലാവർക്കും ഉണ്ടെങ്കിലും അത് ദൈവാലോചനയ്ക്കായി തുറക്കണം.

<u>ജീവ വൃക്ഷത്തിന്റെ ഫലം</u>

ഏദെൻ തോട്ടത്തിലുണ്ടായിരുന്നതും എന്നേക്കും ജീവിക്കുവാൻ പര്യാപ്തമായതും മനുഷ്യൻ തിന്നിട്ടില്ലാത്തതുമായ ഒരു ഫലം (ഉത്പ.3:22). എന്നാൽ ജയിക്കുന്നവൻ ഇത് പ്രാപിക്കും. രക്ഷിക്കപ്പെടുന്നത് ഒരിക്കൽ നടക്കുന്ന പ്രക്രിയ ആകുന്നു, എന്നാൽ മാനഃസാന്തരം ഒരോ മിനിറ്റിലും ഏവർക്കും ഉണ്ടാകേണ്ടതാണ്. ക്രിസ്തീയ ജീവിതം തോൽവിയുടെ ജീവിതമല്ല ജയത്തിന്റെ ജീവിതമാണ്.*

## <u>2. സ്മുർന്ന(വെളി.2:8...11)</u>

സ്മുർന്ന പ്രധാനപ്പെട്ട ഒരു തുറമുഖ പട്ടണമായിരിന്നു. എഫെസോസിൽ നിന്നും 35 മൈൽ വടക്കായി ഈ പട്ടണം സ്ഥിതി ചെയ്തിരുന്നു. അപ്പോസ്തലനായ പൗലോസിന്റെ മൂന്നാം മിഷനറി യാത്രയിൽ എഫെസോസിൽ പ്രവർത്തിച്ചിരുന്ന കാലത്ത് മിക്കവാറും ആസ്യയിലെല്ലായിടത്തും വ്യാപിച്ച സുവിശേഷം ആസ്യയിലെ അധിപ്രധാന നഗരമായിരിന്ന സ്മുർന്നയിലും എത്തിയിരിക്കണം(അപ്പോ.19:10).

റോമൻ മതാചാരവും യഹൂദ ജനത്തിന്റെ ബാഹുല്ല്യവും നിമിത്തം അനവധി പീഢനങ്ങൾ ദൈവസഭക്ക് ഏൽക്കേണ്ടി വന്നു. യോഹന്നാന്റെ ശിഷ്യനായ പോളീകാർപ്പ് (എ.ഡി. 69...155) സ്മുർന്നയിലെ സഭാധ്യക്ഷനായിരിന്നു. പോളീകാർപ്പിന്റെ വാക്കുകൾ ശ്രദ്ധിക്കുക "എന്റെ കർത്താവായ യേശു ക്രിസ്തുവിനെ ഞാൻ 86 വർഷം സേവിച്ചു. ഒരിക്കലും അവൻ എനിക്ക് ഒരു ദോഷവും ചെയ്യ്തിട്ടില്ല ആയതിനാൽ എനിക്കവനെ തള്ളിപ്പറയാൻ പറ്റില്ല" കൈസർ ആകുന്നു കർത്താവ് എന്ന് ഏറ്റുപറഞ്ഞ് ചക്രവർത്തിയുടെ പ്രതിമക്കു മുമ്പിൽ യാഗമർപ്പിക്കാൻ തയ്യാറാകാത്ത ആ ധീര ഭൃത്യനെ അവർ ക്രി.വ.155 ഫെബ്രുവരി 23 നു ശനിയാഴ്ച്ച അഗ്നിയിലിട്ടു ദഹിപ്പിച്ചു കൊന്നു. പോളീകാർപ്പിന്റെ ശിഷ്യനായിരുന്ന ഐറേന്യസിന്റെ സ്വദേശം സ്മുർന്ന ആയിരിന്നു.

യഹൂദൻമാരും ജാതികളും ചേർന്നതായിരിക്കണം ഈ സഭ. സ്മുർന്ന എന്ന വാക്കിന്റെ അർത്ഥം 'കൈയ്പ്പ്' എന്നതാണ്. പീഢിത സഭ, എഡി 170 മുതൽ 312വരെ പീഢന അനുഭവങ്ങൾ സഭയ്ക്കുണ്ടായി. ആദമിന്റെയും ഹവ്വയുടെയും തേജസ് നഷ്ടപ്പെടുത്തുവാൻ പ്രവർ